

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 9.3** **www.iccvienna.org** **September-October: 2014**

# Message of the Chaplain

അവധിക്കാലം കഴിഞ്ഞ് തിരിച്ചെത്തിയിരിക്കുന്ന എല്ലാ മലയാളി ഇടവകാംഗങ്ങൾക്കും, സുഹൃത്തുക്കൾക്കും പ്രാർത്ഥനാശംസകൾ നേരുന്നു. ദൈവം നൽകിയ സംരക്ഷണത്തിനും, സന്തോഷത്തിനും, വിശ്രമാനുഭവങ്ങൾക്കും നമുക്ക് അവിടത്തോട് നന്ദി പറയാം. കൂടുതൽ ഉണർവ്വോടും, താല്പര്യത്തോടുംകൂടി നമ്മുടെ കുടുംബങ്ങളുടേയും, ഇടവകയുടേയും പരിപോഷണത്തിനായി പരിശ്രമിക്കാം.

നമുക്ക് നമ്മെത്തന്നെ അറിയുവാനും, നമ്മൾ നടക്കേണ്ട ശരിയായ വഴികൾ തിരിച്ചറിയുവാനും, നമ്മെ രക്ഷയിലേയ്ക്ക് നയിക്കുന്ന ഈശ്വര ചൈതന്യത്തിന്റെ പൊരുളറിയുവാനും ശ്രമിച്ചുകൊണ്ട് ജീവന്റെ സമൃദ്ധി പ്രാപിക്കുവാൻ നമുക്ക ് ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യാം. നമ്മുടെ ഇന്ത്യൻ കാത്തലിക്ക് കമ്മ്യൂണിറ്റി വിയന്ന അതിരൂപതാദ്ധ്യക്ഷന്റെ അധികാരത്തിൻ കീഴിലുള്ള പേഴ്സണൽ കാനോനിക്കൽ അംഗീകാരമുള്ള ഒരു വിദേശഭാഷാ സമൂഹമാണ്. ഈ അതിരൂപതയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ മലയാളി കത്തോലിക്കരും –അതായത്, മലയാളിയായ പിതാവിൽനിന്നോ, മാതാവിൽനിന്നോ ജനിച്ചവർ, അവരുടെ സംസാരഭാഷ മലയാളം അല്ലെങ്കിലും, അവർക്ക ് മലയാളഭാഷ അറിയില്ലെങ്കിലും –നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയിലെ അംഗങ്ങളാണ്. വിയന്ന അതിരൂപതയിലെ പ്രവാസി മലയാളി കത്തോലിക്കാ വിശ്വാസികൾക്ക് ആവശ്യമായ എല്ലാ ആത്മീയ അജപാലന ശുശ്രൂഷകളും സാമ്പത്തിക സംരക്ഷണവും നമുക്ക് ലഭ്യമാക്കുവാൻ വിയന്ന അതിരൂപത അതീവ താല്പര്യമെടുക്കുന്ന കാര്യം നന്ദിയോടെ നമ്മൾ അംഗീകരിക്കണം. അതോടൊപ്പംതന്നെ, നമ്മുടെ ഓരോ റീത്ത് സഭാ യൂണിറ്റുകളുടേയും ആത്മീയ ഗുരുക്കന്മാരായ ശ്രേഷ്ഠ മെത്രാപ്പോലിത്തൻ സഭാദ്ധ്യക്ഷന്മാരുടെ ആത്മീയ അജപാലന നിർദ്ദേശങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ടും നമുക്ക് നമ്മുടെ പ്രവാസി ഇടവകയെ സമ്പന്നമാക്കാം.

നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയിൽ ആകെ **2442** അംഗങ്ങളാണുള്ളത്. കൂടാതെ 32 മലയാളി കത്തോലിക്കാ വൈദികരും, 18 മലയാളി കന്യാസ്ത്രികളും വിയന്ന അതിരൂപതയിൽ ഉള്ള കാര്യം വളരെ സന്തോഷത്തോടെ നമ്മൾ മനസ്സിലാക്കുന്നു. കേരളത്തിലെ മൂന്ന് വ്യത്യസ്ഥ റീത്ത് സഭാ സമൂഹങ്ങളിലേയും അംഗങ്ങളായവരുടെ പ്രവാസിക്കൂട്ടായ്മയായ നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയിൽ സീറോ മലബാർ സഭയിൽപ്പെട്ട 608 കുടംബങ്ങളിൽ ആകെ 2319 അംഗങ്ങളാണുള്ളത്. ഇവയിൽ 60 ക്നാനായ കുടുംബങ്ങളും ഉൾപ്പെടുന്നു. ICCയിൽ രജിസ്റ്റർ ചെയ്ത 403 കുടുംബങ്ങളും, രജിസ്റ്റർ ചെയ്യാത്ത 205 കുടുംബങ്ങളുമുണ്ട്. മലങ്കര കത്തോലിക്കാ സഭയിൽപ്പെട്ട 13 കുടുംബങ്ങളിൽ 55 അംഗങ്ങളാണുള്ളത്. കേരള ലാറ്റിൻ സഭയിൽപ്പെട്ട 17 കുടുംബങ്ങളിൽ 68 അംഗങ്ങളുണ്ട്. ഇതാണ് വിയന്നായിലെ ഈശോയുടെ മലയാളി പ്രവാസി ഗന്ധമുള്ള മൗതീക ശരീരത്തിന്റെ ജീവനും കൃപയുമുള്ള പ്രാദേശീകാവിഷ്ക്കാരം. തിരുവചനത്തിലൂടെയും, വിശുദ്ധ കൂദാശകളിലൂടെയും ഏറ്റവും പ്രത്യേകമായി വിശുദ്ധ കുർബ്ബാനയിലൂടെയും കർത്താവായ ഈശോ തന്റെ ഈ മൗതീക മലയാളീ ശരീരത്തെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

മലയാളികളായ നമ്മുടെ മൂന്ന് റീത്ത് സഭാ വിഭാഗങ്ങളുടേയും വിശ്വാസ പാരമ്പര്യമനുസരിച്ച് ആരാധനയും, കൂദാശകളും, അജപാനവും നടത്തുവാനുള്ള അധികാരവും അവകാശവും വിയന്ന അതിരൂപതാദ്ധ്യക്ഷൻ നമ്മുടെ മലയാളി കത്തോലിക്കാ സമൂഹത്തിന് നൽകിയിട്ടുണ്ട്. ഇവയുടെ നടത്തിപ്പിനായി മലയാളീ വൈദീകരായ ഒരു ചാപ്ലെയിനേയും ഒരു അസിസ്റ്റൻഡ് ചാപ്ലെയിനേയും നിയോഗിക്കുകയും പള്ളിക്കമ്മറ്റിയുടെ തീരുമാനപ്രകാരം നമ്മുടെ ഇടവകയിലെ മലങ്കര കത്തോലിക്കാ യൂണിറ്റിന്റെ പരിപോഷണത്തിനായി നിർദ്ദേശിക്കപ്പെട്ട ഒരു മലയാളി വൈദികനെ ആ യൂണിറ്റിന്റെ Spiritual അനിമേറ്ററായും മലയാളി യൂത്തിന്റെ സഹായത്തിനായ ഒരു മലയാളി വൈദികനെ Youth അനിമേറ്ററായും അംഗീകരിച്ച് തന്നിട്ടുണ്ട്.

കൂടാതെ, നമ്മുടെ ആത്മീയ ആവശ്യങ്ങൾക്കായി ആവുന്നത്ര സഹായം ഇവിടെയുള്ള മറ്റ് മലയാളീ വൈദീകരിൽ നിന്നും കന്യാസ്ത്രികളിൽ നിന്നും നമുക്ക് സ്വീകരിക്കാവുന്നതാണ്. എന്നാൽ, വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്ന കാര്യത്തിൽ നമ്മൾ കർശനമായി വിയന്ന അതിരൂപതയുടെ കാനോനിക്കൽ Discipline നും മാർഗ നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതാണ്. ലോക്കൽ രൂപതാദ്ധ്യക്ഷന്റെ കാനോനിക്കൽ അംഗീകാരമില്ലാതെ ഒരു വൈദികനും വിശുദ്ധ കൂദാകൾ വിശ്വാസികൾക്കായി പരികർമ്മം ചെയ്യാൻ പാടില്ല. മാത്രമല്ല, വൈദീക ശുശ്രൂഷക്കായി ഓരോ വൈദികനേയും ഏല്പിച്ചിരിക്കുന്ന വിശ്വാസി സമൂഹത്തിന്റെ അതിർ വരമ്പുകൾക്ക് അപ്പുറം കടന്ന് സ്വന്തം ഇഷ്ടപ്രകാരമോ, വിശ്വാസികളുടെ താല്പര്യപ്രകാരമോ ഓരോ സഭാവിഭാഗങ്ങളുടേയും വിശ്വാസപാരമ്പര്യവും, കാനോനിക്കൽക്രമവും പാലിക്കാതെ കൂദാശകൾ പരികർമ്മം ചെയ്യുന്നതും, അപ്രകാരമുള്ള വിശുദ്ധ കൂദാശകളുടെ ദുരുപയോഗങ്ങളിൽ പങ്കുചേരുന്നതും കത്തോലിക്കാ സഭ കർശ്ശനമായി വിലക്കിയിരിക്കുന്ന കാര്യം നമ്മൾ അവഗണിക്കരുത്.

മാത്രമല്ല, ലാറ്റിൻ സഭയുടെ ജർമ്മൻ ഭാഷയിലുള്ള ആരാധനാക്രമത്തിന്റെ മലയാള പരിഭാഷയല്ല ഒറിയന്റൽ ആരാധനാക്രമമനുസരിച്ചുള്ള മലയാളത്തിലെ തിരുക്കർമ്മങ്ങൾ. വിശുദ്ധ കൂദാശകളെ അപ്രകാരം ദുരുപയോഗിക്കുവാൻ പാടില്ല. ഓരോ റീത്തുസഭയുടേയും കാനോനീക ആരാധനാക്രമം പാലിക്കാതെ മാമോദീസ, വിവാഹം മുതലായ കൂദാശകൾ രൂപതാദ്ധ്യക്ഷന്റെ Decree കൂടാതെ അനുഷ്ഠിച്ചാൽ അവ കൗദാശികമായി സാധുവാകുകയില്ല.

ആകയാൽ, നമ്മുടെ മലയാളി ഇടവകയിലുള്ള 2442 അംഗങ്ങളുടേയും കൂദാശാപരമായ ആവശ്യങ്ങൾ മലയാളി ഇടവകയ്ക്ക് നൽകിയിരിക്കുന്ന അധികാര അവകാശ പരിധിക്കുള്ളിൽ നിന്നും സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ ICCയുടെ അംഗീകൃതമായ ഇടവക നേതൃത്വത്തോട് ആവശ്യപ്പെടുകയോ, ലോക്കൽ രൂപതാദ്ധ്യക്ഷന്റെ കാനോനിക്കൽ അംഗീകാരം രേഖാമൂലം സ്വീകരിച്ച് കൂദാശകളെ കാനോനിക വിശുദ്ധിയോടെ സ്വീകരിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. എന്നാൽ, വിയന്നായിലെ ലാറ്റിൻസഭയുടെ കാനോനീക നിയമങ്ങളനുസരിച്ചും ആരാധനാ ക്രമമനുസരിച്ചും ജർമ്മൻ ഭാഷയിൽ കൂദാശകൾ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ ലോക്കൽ ഇടവകയിലെ വികാരിയുടെ അംഗീകാരത്തോടെ അദ്ദേഹത്തിലൂടെയോ അദ്ദേഹം delegate ചെയ്യുന്ന മറ്റ് വൈദീകരിലൂടെയോ അവ സ്വീകരിക്കാവുന്നതാണ്.

നമ്മുടെ ഇടവകയിലെ എല്ലാ വ്യക്തികളേയും കുടുംബങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## Main ICC Events in September & October

12th September - ICC Parish Committee Meeting at 19. 30 hrs in Maria Lourdes.

13th September – Kairali Nikethan Classes begin at 14 hrs. in Kairali Nikethan School.
There will be training in CALIOGRAPHY for children between 9 to 16 years.

14th September – ICC Catechism Classes begin with a Thanksgiving Mass and Agape with the First Three Batches of the ICC Catechism – 82 boys and girls.
All the ICC Catechism students are requested to attend this Holy Mass in Meidling and get their attendance of this Sunday.

21st September – ICC Kids Liturgy, children till 6 years in Meidling and Stadlau.

28th September – Visit of Mar Jose Puthenveettil, Auxiliary Bishop of Ernakulam-Angamaly- Reception and Holy Mass at Stadlau Kapelle at 17. 30 hrs.

4th October - ICC Mothers/Women Pilgrimage – Starting at 8.Am before the Stadlau Kapelle.

11th October – Feast Celebration of Koratty Muthy, Liturgy begins at 14 hrs. in Maria Lourdes. This feast is organized by a group of devotees of the Holy Mother Mary.

12th October - ICC Units-Leaders Meeting –after the Malayalam Mass in Stadlau Kapelle at 18.45.

17th & 18th October – two days Recollection in the Stadlau Kapelle to be guided by Rev. Fr. Panackal VC, organized on the occasion of the 15th Annual Day by the Emmanuel Prayer Unit Aspern. All are welcome to join this event.

24th October – ICC Dialogue: 7 Mothers, 7 Fathers, 7 Youth of the ICC at 7.PM in Stadlau Hall.

26th October – Thanksgiving Mass with Malayalee Couples between 5 to 15 years of married life, at 11.30 hrs in Maria Lourdes Meidling. Please give your names at least before 19th October 2014 to the leaders of the ICC Young Couples Forum.

***Verleger : Steephen Chevookaran, Media & Communications for the Indian Catholic Community***